ഗ്രാമീണസ്കൂൾ ശുദ്ധജലവിതരണ പദ്ധതികൾ

146 (5036) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു വർഷങ്ങളിൽ പൂർത്തിയാക്കിയ ഗ്രാമീണ സ്കൂൾ ശുദ്ധജല വിതരണ പദ്ധതികളുടെ ജില്ലാതല വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഗ്രാമീണ സ്കൂൾ ശുദ്ധജലവിതരണ പദ്ധതികൾക്കായി നടപ്പു വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം വ്യക്തമാക്കാമോ ;

(സി) വയനാട് ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നടപ്പിലാക്കിയ ഗ്രാമീണസ്കൂൾ ശുദ്ധജല വിതരണ പദ്ധതികളുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ;

(ഡി) വയനാട് ജില്ലയിൽ നടപ്പുവർഷം പരിഗണനയിലുള്ള ഗ്രാമീണ സ്കൂൾ ശുദ്ധജലവിതരണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ നാലുവർഷങ്ങളിൽ പൂർത്തിയാക്കിയ ഗ്രാമീണ സ്കൂൾ ശുദ്ധജല വിതരണ പദ്ധതികളുടെ ജില്ലാതല വിവരം ചുവടെ ചേർക്കുന്നു:

ജില്ലയുടെ പേര്	പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം					
	2006-07	2007-08	2008-09	2009-10	10-11 up to 06/10	ആകെ
(1)	(2)	(3)	(4)	(5)	(6)	(7)
തിരുവനന്തപുരം	42	11	5	..	..	58
കൊല്ലം	62	..	..	..	..	62
പത്തനംതിട്ട	2	..	..	..	4	6
ആലപ്പുഴ	38	..	..	..	..	38
കോട്ടയം	41	4	18	..	2	65
ഇടുക്കി	15	11	..	..	26	52
എറണാകുളം	12	..	..	..		12
തൃശ്ശൂർ	4	2	..	..		6
പാലക്കാട്	34	11	8	1	6	60
മലപ്പുറം	23	21	2		2	48
കോഴിക്കോട്	18	8	..	..	30	30

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)
വയനാട്	14	13	1	–	–	28
കണ്ണൂർ	2	–	12	–	–	14
കാസർഗോഡ്	29	79	18	–	–	126
ആകെ	336	160	64	3	42	605

(ബി) ഗ്രാമീണ സ്കൂൾ ശുദ്ധജല വിതരണ പദ്ധതികൾക്ക് പ്രത്യേകമായി നടപ്പുവർഷം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടില്ല.

(സി) വയനാട് ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നടപ്പിലാക്കിയ ഗ്രാമീണസ്കൂൾ ശുദ്ധജല വിതരണ പദ്ധതികളുടെ താലൂക്ക്തല വിശദാംശം താഴെ ചേർക്കുന്നു.

2007-08	സുൽത്താൻ ബത്തേരി	4
	മാനന്തവാടി	9
2008-09	സുൽത്താൻ ബത്തേരി	1
2009-10		ഇല്ല.

(ഡി) വയനാട് ജില്ലയിൽ നടപ്പുവർഷം ഗ്രാമീണസ്കൂൾ ശുദ്ധജല വിതരണ പദ്ധതികൾ തൽക്കാലം പരിഗണനയിലില്ല.

മുടങ്ങിക്കിടന്ന ഗ്രാമീണ ശുദ്ധജല പദ്ധതി

147 (5037) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ ജില്ലാതല വിശദാംശം ലഭ്യമാക്കാമോ ;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ മുടങ്ങിക്കിടക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവൃത്തികൾക്കായി വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കാമോ ;

(സി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ നടപ്പിലാക്കിയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ ? ..

ഉത്തരം

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly